# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുനെല്ലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ. എസ്. എ. ഡബ്ല്യൂ.വൈ.ഡി. പി-4-436/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 01/07/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുനെല്ലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-1,1-16 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ. എസ്. എ. ഡബ്ല്യൂ.വൈ.ഡി. പി-4- 436/2021 തീയ്യതി: 01/07/2021

# വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-12-2020 മുതൽ 13-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 11-11-2020 മുതൽ 31-08-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി. പി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 18-06-2021 | 28-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2021 | 28-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ബിന്ദു. കെ.കെ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. പി. ഷാജി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. എം. സമീർ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലത.ടി.കെ, സീ. ഗ്രേ. ഓഡിറ്റർ
ശ്രീമതി. ഇന്ദു. കെ. നായർ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മായാദേവി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| അനിൽകുമാർ.എൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷാജി.കെ.കെ | അസി.സെക്രട്ടറി | 01-04-2019 | 24-07-2019 |
| എൻ..ചന്ദ്രൻ | അസി.സെക്രട്ടറി | 25-07-2019 | 31-03-2020 |
| ഡോ.ബീനജോസ്.വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.ആതിര.എം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.ജവഹർ | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ത്രേസ്യാമ്മ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഷിനോജ്.ടി.വി | അസി.എൻജിനീയർ | 01-04-2019 | 20-07-2019 |
| വിവേക് വേണുഗോപാൽ | അസി.എൻജിനീയർ | 21-07-2019 | 30-09-2019 |
| വിഷ്ണു.വി.സ് | അസി.എൻജിനീയർ | 01-10-2019 | 31-03-2020 |
| ഏലമ്മ | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീ.വിനോയി | വി ഇ ഒ | 01-04-2019 | 31-03-2020 |
| ശ്രീ.രൺദീപ് | കൃഷി ഓഫീസർ | 01-04-2019 | 04-11-2019 |
| ഷെറിൻ മാത്യൂസ് | കൃഷി ഓഫീസർ | 05-11-2019 | 03-12-2019 |
| അൻസ അഗസ്റ്റ്യൻ | കൃഷി ഓഫീസർ | 04-12-2019 | 31-03-2020 |
| ഡോ. അനീസ് | മെഡിക്കൽ ഓഫീസർ ( പി. എച്ച്.സി) | 01-04-2019 | 09-11-2019 |
| ഡോ. പ്രിൻസി. വി.എസ് | മെഡിക്കൽ ഓഫീസർ ( പി. എച്ച്.സി) | 10-11-2019 | 15-11-2019 |

| | | | |
|---|---|---|---|
| ഡോ. ശ്രീജ.കെ.സി | മെഡിക്കൽ ഓഫീസർ ( പി. എച്ച്.സി) | 16-11-2019 | 30-01-2020 |
| ഡോ. പ്രിൻസി. വി.എസ് | മെഡിക്കൽ ഓഫീസർ ( പി. എച്ച്.സി) | 01-02-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 25-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-1 |
| 2 | ബഡ്ജറ്റ് തയ്യാറാക്കിയതിൽ പൂർണ്ണമായ രേഖകൾ ഇല്ല.<br>Written By: K.K.Bindu (Asst. Audit Officer, On 25-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-1-1 |
| 3 | ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ യഥാർത്ഥ കണക്കുകൾ പരിഗണിക്കുന്നില്ല<br>Written By: K.K.Bindu (Asst. Audit Officer, On 25-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-1-2 |
| 4 | വാർഷിക കണക്കുകൾ<br>Written By: M.Sameer (Senior Grade Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-2 |
| 5 | കെട്ടിട നികുതി<br>Written By: M.Sameer (Senior Grade Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-2-1 |
| 6 | കെട്ടിട നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ<br>Written By: M.Sameer (Senior Grade Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-2-2 |
| 7 | കെട്ടിട വാടക ഓഡിറ്റോറിയം & ഹാൾ രജിസ്റ്റര്<br>Written By: M.Sameer (Senior Grade Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-2-3 |
| 8 | ടെണ്ടർ ഫോറം വിൽപ്പന രജിസ്റ്റർ<br>Written By: M.Sameer (Senior Grade Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-2-4 |
| 9 | ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി<br>Written By: M.Sameer (Senior Grade Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-2-5 |
| 10 | പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻഡിച്ചർ<br>Written By: M.Sameer (Senior Grade Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-2-6 |
| 11 | ലോണുകൾ<br>Written By: M.Sameer (Senior Grade Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-2-7 |
| 12 | ഐ.സി.ഡി.എസ്, ടോട്ടൽ സാനിറ്റേഷൻ തുടങ്ങി വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നു<br>Written By: M.Sameer (Senior Grade Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-2-8 |
| 13 | കെട്ടിട വാടക<br>Written By: M.Sameer (Senior Grade Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-2-9 |
| 14 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: M.Sameer (Senior Grade Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-2-10 |
| 15 | ആസ്തി രജിസ്റ്റർ<br>Written By: M.Sameer (Senior Grade Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-2-11 |
| 16 | ക്യൂ ബിൽ തുക ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല. | 1-2-12 |

| | | |
|---|---|---|
| | Written By: M.Sameer (Senior Grade Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | |
| 17 | വാർഷിക കണക്കിലെ മറ്റ് അപാകങ്ങൾ<br>Written By: M.Sameer (Senior Grade Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-2-13 |
| 18 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.K.Bindu (Asst. Audit Officer, On 25-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-3 |
| 19 | ഫണ്ട് വിനിയോഗം ( ACR)<br>Written By: K.K.Bindu (Asst. Audit Officer, On 26-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-4 |
| 20 | പദ്ധതി അവലോകനം<br>Written By: K.K.Bindu (Asst. Audit Officer, On 26-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-5 |
| 21 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.K.Bindu (Asst. Audit Officer, On 26-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-6 |
| 22 | ക്ഷേമ പദ്ധതികൾ<br>Written By: K.K.Bindu (Asst. Audit Officer, On 26-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-7 |
| 23 | ക്യാഷ് പരിശോധന<br>Written By: K.K.Bindu (Asst. Audit Officer, On 26-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-8 |
| 24 | ആഭ്യന്തരനിയന്ത്രണസംവിധാനം ഫലപ്രദമല്ല.<br>Written By: K.K.Bindu (Asst. Audit Officer, On 26-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-9 |
| 25 | മറ്റ് ഓഡിറ്റുകളുടെ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 28-06-2021)<br>Last Updated By: Unni P.K (Deputy Director, On 29-06-2021) | 1-10 |
| 26 | ദുരിതാശ്വാസ നിധി രൂപീകരണവും,വിനിയോഗവും -നടത്തിപ്പ്കാര്യക്ഷമമല്ല.<br>Written By: K.K.Bindu (Asst. Audit Officer, On 26-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-11 |
| 27 | റൂറൽ ഭവനപദ്ധതി,വായ്പ തിരിച്ചടക്കുന്നതിൽ അപാകങ്ങൾ<br>Written By: K.K.Bindu (Asst. Audit Officer, On 26-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-12 |
| 28 | മുള്ളൻകൊല്ലി കുറുമകോളനി കുടിവെള്ളപദ്ധതി- ഇനിയും പൂർത്തീകരിച്ചിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 26-06-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 29-06-2021) | 1-13 |
| 29 | തെരുവുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നത്-കുടിശ്ശിക തുകയുടെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 26-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-14 |
| 30 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.Sameer (Senior Grade Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-15 |
| 31 | പഞ്ചായത്തുകളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിലെ തകരാർ മൂലം അധികജോലിഭാരം<br>Written By: K.K.Bindu (Asst. Audit Officer, On 27-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-16 |
| 32 | ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ | 1-17 |

| | | |
|---|---|---|
| | സംരക്ഷണം<br>Written By: M.Sameer (Senior Grade Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | |
| 33 | പൊതുമരാമത്ത് പൊതു അപാകങ്ങൾ<br>Written By: M.Sameer (Senior Grade Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-18 |
| 34 | പദ്ധതിരൂപീകരണം - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ അപാകങ്ങൾ .<br>Written By: K.K.Bindu (Asst. Audit Officer, On 26-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-19 |
| 35 | വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്<br>Written By: Indu K Nair (Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-20 |
| 36 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Indu K Nair (Auditor, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 1-21 |
| 37 | എസ്.ടി അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ആനുകൂല്യം നൽകി.<br>Written By: T.K.Latha (Auditor, On 28-06-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 29-06-2021) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 26-06-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 29-06-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.K.Bindu (Asst. Audit Officer, On 26-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.K.Bindu (Asst. Audit Officer, On 26-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.K.Bindu (Asst. Audit Officer, On 28-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 4-4 |
| 5 | പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.<br>Written By: K.K.Bindu (Asst. Audit Officer, On 26-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 4-5 |
| 6 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 26-06-2021)<br>Last Updated By: Unni P.K (Deputy Director, On 29-06-2021) | 4-6 |
| 7 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |

| | | |
|---|---|---|
| | Written By: K.K.Bindu (Asst. Audit Officer, On 29-06-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 29-06-2021) | |
| 8 | തീർപ്പാക്കാനുള്ള റിപ്പോർട്ടുകളുടെ വിവരം<br>Written By: K.K.Bindu (Asst. Audit Officer, On 26-06-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 01-07-2021) | 4-8 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബഡ്ജറ്റ് 22.02.19 ലെ 1/01 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് 29.02.20 ലെ 03/01 തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല.സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

നിർവഹണോദ്യോഗസ്ഥരോടും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളോടും ബഡ്ജറ്റ് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള വിവരങ്ങൾ 31.12.18ന് മുൻപ് സമർപ്പിക്കാൻ 13.12.18 ന് കത്തയച്ചിട്ടുണ്ട്. എന്നാൽ വെറ്ററിനറി സർജൻ,ആയുർവേദ മെഡിക്കൽ ഓഫീസർ എന്നിവർ മാത്രമേ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളൂ. ഘടകസ്ഥാപന മേധാവികളുടെ യോഗം വിളിച്ചതായി കാണുന്നില്ല. സെക്രട്ടറി ,വിവിധ ഓഫീസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല. പ്രോപ്പോസൽ ആവശ്യപ്പെടാൻ തീരുമാനിച്ചതല്ലാതെ മറ്റ് യാതൊരു നടപടിക്രമങ്ങളും പാലിച്ചിട്ടില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമ പ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല. വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചതായി കാണുന്നില്ല.

### 1-1-1 ബഡ്ജറ്റ് തയ്യാറാക്കിയതിൽ പൂർണ്ണമായ രേഖകൾ ഇല്ല.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് മാന്വലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/തസ്വഭവ, തീയതി. 02.12.2016 ) ഖണ്ഡിക 3.1 പ്രകാരം ബഡ്ജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബഡ്ജറ്റ് പ്രസംഗം.

2. ബഡ്ജറ്റ് നോട്ട്സ്.

3. ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും.

4. പെർഫോമൻസ് ബഡ്ജറ്റ്.

5. ജെന്റർ ബഡ്ജറ്റ്.

മേൽ പറഞ്ഞ പ്രാമാണങ്ങളിൽ ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും ഒഴികെയുള്ള രേഖകൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 2019-20 വർഷത്തെ ബഡ്ജറ്റ് അപൂർണ്ണമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

### 1-1-2 ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ യഥാർത്ഥ കണക്കുകൾ പരിഗണിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ ബഡ്ജറ്റ് യഥാർത്ഥ വരവുചെലവുകളുമായി വളരെ അന്തരമുള്ളതാണ്.

വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് ₹15,64,77,821/- യും ചെലവ് ₹16,16,36,245/- യും ആണ്. തൻവർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രകാരമുള്ള വരവ്-29,97,15,296 രൂപയും ചെലവ് 29,52,32,088 രൂപയുമാണ്.പ്രതീക്ഷിത വരവുചെലവുകളുടെ ഏകദേശം പകുതി മാത്രമാണ് യഥാർത്ഥ വരവുചെലവുകൾ. വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ തൻവർഷത്തെ ബഡ്ജറ്റിൽ പലയിനം വരവുകളിലും ഗണ്യമായ വ്യത്യാസം ഉണ്ട്. എന്നാൽ ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡിറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരുമാനം (കുടിശ്ശിക ഉൾപ്പെടെ) | വ്യത്യാസം |
|---|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 43,00,000 | 35,20,358 | 7,79,642 |
| 2 | 1102001 | തൊഴിൽ നികുതി | 19,00,000 | 17,75,980 | 1,24,020 |
| 3 | 1401001 | ലൈസൻസ് ഫീസ് | 2,50,000 | 3,57,050 | 1,07,050 |
| 4 | 1401101 | പെർമിറ്റ് ഫീസ് | 1,50,000 | 46,033 | 1,03,967 |

വാസ്തവികമല്ലാത്ത ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. യഥാർത്ഥ വരവിനേക്കാൾ പെരുപ്പിച്ചുകാണിക്കുന്ന ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം തുക വകയിരുത്തി പദ്ധതികൾ എല്ലാം നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ, നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും ചെലവ് തുക നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും. അങ്ങനെ വന്നാൽ അത് ഗ്രാമപഞ്ചായത്തിനെ കോടതി വ്യവഹാരങ്ങളിലേക്ക് നയിക്കുകയും ആയതുമൂലം ഗ്രാമപഞ്ചായത്തിന് ബാധ്യത ഉണ്ടാകുകയും ചെയ്യും. ആയതിനാൽ യഥാർത്ഥ്യ ബോധ്യത്തോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്. അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകൾ

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 19.06.2020 | -- | -- |

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ഉപഖണ്ഡികകളായി ചേർത്തിട്ടുള്ള അപാകതകൾ കണ്ടെത്തിയിട്ടുണ്ട് . അപാകതകൾ 23.06.2021 ലെ 3-ാം നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തി സ്ഥാപനത്തിന്റെ അഭിപ്രായം തേടുകയും ചെയ്തിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-2-1 കെട്ടിട നികുതി

വസ്തു നികുതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്കുകൾ പ്രകാരം | | | സഞ്ചയ പ്രകരം | | |
|---|---|---|---|---|---|
| ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| 41,76,101 | 33,85,353 | 7,90,748 | 41,85,252 | 33,80,537 | 7,93,385 |

### 1-2-2 കെട്ടിട നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ കുടിശ്ശിക ഡിമാന്റ് - കളക്ഷൻ - ബാലൻസ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-2-3 കെട്ടിട വാടക ഓഡിറ്റോറിയം & ഹാൾ രജിസ്റ്റര്

കെട്ടിട വാടക ഓഡിറ്റോറിയം & ഹാൾ രജിസ്റ്റർ പൂർത്തിയാക്കി സംക്ഷിപ്തമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-2-4 ടെണ്ടർ ഫോറം വിൽപ്പന രജിസ്റ്റർ

ടെണ്ടർഫോറം വിൽപ്പന രജിസ്റ്റർ തയ്യാറാക്കി സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### 1-2-5 ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി ഫ്രണ്ട് ഓഫീസ് വഴി രശീത് ചെയ്യാതെ ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തുകയാണ് ചെയ്യുന്നത്. ഇത് ശരിയായ രീതിയല്ല. ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നത് ഫ്രണ്ട് ഓഫീസ് വഴി ആയി ക്രമീകരിക്കേണ്ടതാണ്.

### 1-2-6 പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻഡീച്ചർ

വാർഷിക കണക്കിലെ ബാലൻഷീറ്റ് ഷെഡ്യൂൾ ബി-16 പ്രകാരം (കോഡ് - 440500101) Prepaid Programme Expense എന്ന് ആസ്തിയായി 13,147,650 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത്തരം ഒരു ആസ്തി ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

### 1-2-7 ലോണുകൾ

Secured Loan From Co-Operative Banks, Loan From KURDFC – ഷെഡ്യൂൾ ബി-5 ഇവയുടെ വരവ് ചെലവ് സംബന്ധിച്ച കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

### 1-2-8 ഐ.സി.ഡി.എസ്, ടോട്ടൽ സാനിറ്റേഷൻ തുടങ്ങി വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നു

ICDS , TSC മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള വരവുകൾ തുടങ്ങിയ ഫണ്ട് വരവുകൾ സംബന്ധിച്ച് കൃത്യമായ ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ ലഭിച്ച ഫണ്ടുകൾ ഏതിനത്തിനാണെന്നത് സംബന്ധിച്ച് വ്യക്തമാക്കാൻ സാധിച്ചിട്ടില്ല.

### 1-2-9 കെട്ടിട വാടക

വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്കുകൾ പ്രകാരം | | രജിസ്റ്റർ പ്രകാരം | |
|---|---|---|---|
| ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ |
| 4,23,226 | 4,09,059 | 4,23,226 | 4,07,209 |

### 1-2-10 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മാഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി നടത്തുന്ന ചെലവുകൾ റവന്യൂ ചെലവുകളായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് തുകകൾ - വാർഷിക കണക്കിലെ തുകയും ക്യാഷ് ബുക്ക് മറ്റ് രേഖകൾ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2-11 ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തുന്നില്ല. മാഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി നടത്തുന്ന ചെലവുകൾ റവന്യൂ ചെലവുകളായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-2-12 ക്യൂ ബിൽ തുക ബാധ്യതയായീ രേഖപ്പെടുത്തിയിട്ടില്ല.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ തൻവർഷം ക്യൂ ബില്ലിൽ ഉൾപ്പെട്ട തുകകൾ ബാധ്യത ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-13 വാർഷിക കണക്കിലെ മറ്റ് അപാകങ്ങൾ

1.മുൻവർഷത്തെ അപാകങ്ങൾ പരിഹരിച്ച് അറിയിച്ചിട്ടില്ല. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ , മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി RP40(B) ബി.17 ഷെഡ്യൂൾ എന്നിവ പ്രകാരം 1,20,428 രൂപയാണ്. ബാലൻസ് ഷീറ്റ് ബി2 ഷെഡ്യൂൾ പ്രകാരം ബാലൻസ് തുക 1,35,171 രൂപയാണ്.

3.ബി4 ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുകകൾ സംബന്ധിച്ച് വിശദമാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

4. തനത് ഫണ്ട് അക്കൗണ്ടിൽ തനത് ഫണ്ടിന് പുറമെ മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുകകളും നിക്ഷേപിക്കുന്നതായി കാണുന്നു. ഇത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. മറ്റ് ഫണ്ടുകൾ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് മൂലം തനത് ഫണ്ട് ബാലൻസ് സംബന്ധിച്ച് തെറ്റായ വിവരങ്ങളാണ് വാർഷിക കണക്കിൽ നിന്നും ലഭിക്കുന്നത്. (ഉദാ:- ICDS ഫണ്ട് Other Awards From State Government തുടങ്ങിയവ). തനത് ഫണ്ട് അക്കൗണ്ട് തനത് ഫണ്ടിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതും വ്യത്യസ്ത ഫണ്ടുകൾക്ക് പ്രത്യേക അക്കൗണ്ടുകൾ ആരംഭിച്ച് പ്രസ്തുത തുകകൾ ആ അക്കൗണ്ടുകളിലേക്ക് മാറ്റി നിക്ഷേപിക്കേണ്ടതുമാണ്.

5. വർക്ക് ഇൻ പ്രോഗ്രസ്സ് , ഡിപ്രിസിയേഷൻ, ആസ്തികളുടെ മൂല്യ നിർണ്ണയം എന്നിവ സംബന്ധിച്ച് കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ബാലൻസ് സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,41,41,334 |
| വരവ് | 15,64,77,821 |
| ആകെ | 19,06,19,155 |
| ചെലവ് | 16,16,36,245 |
| നീക്കിയിരിപ്പ് | 2,89,82,910 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,00,000 |

## 1-4 ഫണ്ട് വിനിയോഗം ( ACR)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | | 2,95,29,564 | 2,95,29,564 | 2,93,12,125 | 2,17,439 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-<br>എസ്.സി.പി (ACR പ്രകാരം) | | | 11,65,471 | 11,65,471 | 4,21,740 | 7,43,731 |
| വികസന ഫണ്ട്-<br>ടി.എസ്.പി (ACR പ്രകാരം) | | | 2,91,68,740 | 2,91,68,740 | 2,35,08,839 | 56,59,901 |
| മെയിന്റനൻസ്,<br>റോഡ് (ACR പ്രകാരം) | | | 2,14,10,000 | 2,14,10,000 | 1,84,79,824 | 29,30,176 |
| മെയിന്റനൻസ്,<br>നോൺ-റോഡ് (ACR പ്രകാരം) | | | 73,08,000 | 73,08,000 | 71,28,580 | 1,79,420 |
| സെൻട്രൽ ഫിനാൻസ്<br>കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | | | 2,34,82,789 | 2,34,82,789 | 1,58,17,382 | 76,65,407 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 58,70,688 | 1,34,80,928 | 1,93,51,616 | 1,14,45,659 | 79,05,957 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2,09,76,854 | 1,27,87,669 | 3,37,64,523 | 1,70,91,495 | 1,66,73,028 |
| | ട്രഷറി അക്കൗണ്ട് | 58,70,688 | 1,42,27,263 | 2,00,97,951 | 1,21,91,994 | 79,05,957 |

തനതുഫണ്ടിനൊപ്പം മറ്റ് ഫണ്ടുകൾ കൂടി നിക്ഷേപിച്ചതിനാലും വിവരങ്ങൾ എഴുതിസൂക്ഷിക്കാത്തതിനാലും മുൻബാക്കി, വരവ് ,ചെലവ്,നീക്കിബാക്കി വിവരങ്ങൾ വേർതിരിച്ചെടുക്കുവാൻ സാധ്യമല്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 259 | 38,32,43,064 | 116 | 11,28,55,282 | 5 | 138 | 29.45 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 36 | 18 | 2,07,33,572 | 1,15,34,236 | 55.63 |
| അസി.സെക്രട്ടറി | 6 | 3 | 38,27,600 | 20,79,247 | 54.32 |
| വി ഇ ഒ | 18 | 13 | 23,05,88,471 | 5,22,30,812 | 22.65 |
| കൃഷി ഓഫീസര് | 8 | 7 | 80,93,119 | 53,99,702 | 66.72 |
| വെറ്ററിനറിസർജൻ | 12 | 6 | 1,50,87,493 | 58,92,874 | 39.06 |
| ഐസി ഡി എസ് സൂപ്പർവൈസർ | 7 | 5 | 74,45,750 | 63,30,013 | 85.02 |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | 6 | 4 | 15,50,000 | 6,53,420 | 42.16 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 4,00,000 | 4,00,000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 1 | 7,00,000 | 7,00,000 | 100 |
| ഹെഡ് മാസ്റ്റർ | 15 | 8 | 71,77,633 | 50,00,226 | 69.66 |
| അസി. എഞ്ചിനിയർ | 149 | 48 | 8,76,39,396 | 2,26,34,712 | 25.83 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 16,980 | 14,29,721 | 14,46,701 | 14,20,021 | 26,680 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 4,13,46,000 | 4,13,46,000 | 4,13,46,000 | |
| മെറ്റീരിയൽസ് | | 87,47,000 | 87,47,000 | 87,47,000 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | ഇല്ല |
| കർഷകതൊഴിലാളി പെൻഷൻ | 54,90,500 | 295 |
| വിധവാപെൻഷൻ | 3,32,87,600 | 1885 |
| വാർദ്ധക്യകാലപെൻഷൻ | 2,94,75,700 | 1731 |
| വികലാംഗപെൻഷൻ | 61,58,800 | 348 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 2,10,000 | 7 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന24.06.21 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10027രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം ഫലപ്രദമല്ല.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം ഖണ്ഡിക 1-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1. പഞ്ചായത്തിന്റെ പ്രധാനവരുമാനമാർഗ്ഗങ്ങളായ വസ്തുനികുതി,തൊഴിൽ നികുതി ,വാടക എന്നിവയുടെയൊന്നും യഥാർത്ഥകണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല.ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.

4. വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ ,ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽ പെടുന്നില്ല.

5.സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനുട്സ് പരിശോധിച്ചതിൽ പല വാങ്ങലുകളും കമ്മിററി അംഗീകരിച്ചു കാണുന്നില്ല.

വിവിധസ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സുകൾ പരിശോധിച്ചതിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ നിർവഹിക്കേണ്ടതായ എല്ലാ ചുമതലകളും പരിഗണിച്ചതായി കാണുന്നില്ല.വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോഗങ്ങളിൽ പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് ചെലവുശതമാനം പരിശോധിക്കുന്നുണ്ടെങ്കിലും പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല.

ആരോഗ്യവിദ്യാഭ്യാസസ്റ്റാൻഡിംഗ് കമ്മിറ്റി മാലിന്യസംസ്കരണം,സ്കൂളുകളുടെ ഭൌതികസാഹചര്യം,പകർച്ചവ്യാധിപ്രതിരോധനടപടികൾ എന്നീമേഖലകളിൽ ശ്രദ്ധ ചെലുത്തിയത് അഭിനനന്ദനാർഹമാണ്.

ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അങ്കണവാടി ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതുപോലെ ശ്രദ്ധേയമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അങ്കണവാടികളുടെ ഭൌതികസാഹചര്യം അവലോകനം ചെയ്തതായി കണ്ടില്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

ഭരണസമിതിതീരുമാനങ്ങൾ നടപ്പാക്കുന്നതുസംബന്ധിച്ച് അടുത്തയോഗത്തിൽ വിലയിരുത്തൽ നടത്തുന്നതായി കാണുന്നില്ല.

ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ കൂടുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മസേന രസീത് ബുക്ക് പ്രകാരം യൂസർ ഫീ പിരിച്ചെടുക്കുന്നുണ്ടെങ്കിലും ഇവയുടെ കളക്ഷൻ രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ്, രസീത് സ്റ്റോക്ക് രജിസ്റ്റർ എന്നീ രേഖകൾ ഹാജരാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകളുടെ വിവരം

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2009-10 മുതൽ 2013-14വരെയുള്ള വർഷങ്ങളിലെ അക്കൌണ്ട് ജനറൽ ഓഡിറ്റ്റിപ്പോർട്ട് 21.05.19ലെ LBA(HQ)111/1118A-2183 പ്രകാരം തീർപ്പാക്കിയിട്ടുണ്ട്.

01.04.19മുതൽ 31.10.19 വരെയുള്ള കാലത്തെ പെർഫോർമൻസ് ഓഡിറ്റ് നടന്നിട്ടുണ്ട്.17.01.20 ലെ ബി2.152/2018 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചത് തീർപ്പാക്കിയിട്ടില്ല.

പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിലും ഭരണസമിതിയുടെ മുൻയോഗതീരുമാനങ്ങൾ അവലോകനം ചെയ്യുന്നില്ല എന്നുള്ള പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്.ഫ്രണ്ട് ഓഫീസിൽ ആവശ്യമായ സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല ,റഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല, എന്നിങ്ങനെയുള്ള പെർഫോമൻസ് ഓഡിറ്റ് പരാമർശങ്ങൾ നിലവിലും നിലനിൽക്കുന്നു.

## 1-11 ദുരിതാശ്വാസ നിധി രൂപീകരണവും,വിനിയോഗവും -നടത്തിപ്പ്കാര്യക്ഷമമല്ല.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും,വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം തിരുനെല്ലി ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിക്കുകയും ഇതിനായി തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്കിൽ 10.10.2006 ൽ ഒരു അക്കൗണ്ട് (നം 6932)ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടിന്റെ തൻവർഷത്തെ സാമ്പത്തികനില ഇപ്രകാരമാണ്.

മുൻബാക്കി-₹24,300

വരവ്-₹1,22,371

ആകെ-₹1,46,671

ചെലവ്-₹11,500

നീക്കിബാക്കി-₹1,35,171

തുക നീക്കിയിരിപ്പുണ്ടെങ്കിലും പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 റൂറൽ ഭവനപദ്ധതി,വായ്പ തിരിച്ചടക്കുന്നതിൽ അപാകങ്ങൾ

റൂറൽ ഭവനപദ്ധതി നടപ്പാക്കുന്നതിനായി 2015-16 വർഷം തിരുനെല്ലി സർവീസ് സഹകരണബാങ്കിൽ നിന്നും 11% പലിശ നിരക്കിൽ വായ്പയെടുത്തിട്ടുണ്ട്. (സ.ഉ.04/D.B.1/16/LSGD/09.02.16).ലോൺ എടുക്കാൻ അനുവാദം ലഭിച്ചത് 3,10,00,000 രൂപക്കാണ്.എന്നാൽ എത്ര തുക വായ്പ എടുത്തുവെന്ന വിവരം കൃത്യമായി എഴുതിസൂക്ഷിച്ചിട്ടില്ല.

2019-20 വർഷം 42,45,088 രൂപ തിരിച്ചടച്ചിട്ടുണ്ട്. മുതൽ/പലിശ ഇനത്തിൽ തുക അടവാക്കുന്നത് സംബന്ധിച്ച രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിന്റെ അഭാവത്തിൽ മുതൽ, പലിശയിനത്തിൽ നാളിതുവരെയുള്ള വായ്പാ തിരിച്ചടവ് സംബന്ധിച്ച കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2019-20വർഷം 42,45,088 രൂപ തിരിച്ചടച്ചതിൽ 10,60,825 രൂപ മുതലിലേക്കും 31,84,263 രൂപ പലിശയിലേക്കുമാണ് വകയിരുത്തിയത് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ പലിശ കണക്കാക്കിയത് സംബന്ധിച്ച് യാതൊരു പരിശോധനയും പഞ്ചായത്ത് നടത്തിയിട്ടില്ല.ബാങ്ക് ആവശ്യപ്പെടുന്ന തുക അടക്കുകയാണ് ചെയ്യുന്നത്.ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി എത്ര രൂപ വായ്പ എടുത്തുവെന്ന വിവരവും , പലിശ കണക്കാക്കുന്ന വിവരവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വായ്പാമുതലും പലിശയും യഥാസമയം ഒടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും അനാവശ്യ പിഴപലിശ ഒഴിവാക്കുന്നതിനും വേണ്ട അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 മുള്ളൻകൊല്ലി കുറുമകോളനി കുടിവെള്ളപദ്ധതി-ഇനിയും പൂർത്തീകരിച്ചിട്ടില്ല.

ഓഡിറ്റ് വർഷം മുള്ളൻകൊല്ലി കുറുമകോളനി കുടിവെള്ളപദ്ധതിക്ക് മോട്ടോർ സ്ഥാപിക്കുന്നതിനായി റെയ്ഡ്കോക്ക് തുക നൽകിയിരുന്നു.എന്നാൽ പദ്ധതി ആസൂത്രണം ചെയ്തതിലും നടപ്പാക്കിയതിലും അപാകതകൾ വന്നിട്ടുണ്ട്.

പ്രോജക്ട് നമ്പർ- 260/20

പ്രോജക്ട്- മുള്ളൻകൊല്ലി കുറുമകോളനി കുടിവെള്ളപദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ

നിർവഹണം-സെക്രട്ടറി

ഫണ്ട്-വികസനഫണ്ട് (ടി.എസ്.പി)

ചെലവഴിച്ച തുക- ₹1,99,793

ട്രഷറി ബിൽ നമ്പർ/തീയതി -30/03.02.20.

പദ്ധതിഫയലിൽ കുടിവെള്ളപദ്ധതിയുടെഅവസ്ഥ സംബന്ധിച്ച യാതൊരു വിവരങ്ങളും ഇല്ല.കൂടാതെ കുടിവെള്ള പദ്ധതിയിൽ മുൻപ് മോട്ടോർ സ്ഥാപിച്ചിരുന്നതാണോ ,പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പദ്ധതിയാണോ , ഗുണഭോക്തൃകമ്മിറ്റി നിലവിലുണ്ടോ എന്നും വ്യക്തമല്ല.മോട്ടോർ സ്ഥാപിച്ച പ്രവൃത്തി പ്രവർത്തനക്ഷമമാണെങ്കിലും പമ്പ് ഹൌസ് പണിയാത്തതിനാൽ നിലവിലും പദ്ധതി പ്രവർത്തിപ്പിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു.

പദ്ധതി സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ-10 /19-20 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.പദ്ധതി സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിഷയം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/19-20 /24.06.21 ക്ക് സമർപ്പിച്ച മറുപടിയിൽ പമ്പ് ഹൌസ് നിർമ്മിക്കുന്നതിനുള്ള തുക 2020-21 വർഷത്തിൽ വകയിരുത്തിയിട്ടുണ്ടെന്ന്

അറിയിച്ചിട്ടുണ്ട്.പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള എല്ലാ ഘടകങ്ങളും ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 തെരുവുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നത്-കുടിശ്ശിക തുകയുടെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

2019 ഒക്ടോബർ മാസം വരെ 317 ടാപ്പുകൾക്കാണ് ചാർജ്ജ് അടച്ചിരുന്നത്. 28.03.19 ന് സംയുക്തപരിശോധന നടത്തിയതിന്റെ ഫലമായി 295 എണ്ണം മാത്രമാണ് പ്രവർത്തനക്ഷമമായതെന്ന് കണ്ടെത്തി. 2019 നവംബർ മാസം മുതൽ 295 ടാപ്പുകൾക്ക് ആണ് ചാർജ്ജ് അടക്കുന്നത്.എന്നിരുന്നാലും പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്ക് ഒക്ടോബർ വരെ അധികം തുക അടച്ചിട്ടുണ്ട്.പ്രതിമാസം ചാർജ്ജ് അടക്കുന്നത് കൂടാതെ പദ്ധതിവിഹിതത്തിൽ നിന്ന് ₹ 7,00,000/- ട്രഷറി ബിൽ നമ്പർ-25/19-20/20.11.19 പ്രകാരം അടച്ചിട്ടുണ്ട്.2019 ഒക്ടോബർ മാസത്തെ ബിൽപ്രകാരം വാട്ടർ അതോറിറ്റിയിൽ 6303197 രൂപ കുടിശ്ശിക അടക്കാനുണ്ട്.അതിൽത്തന്നെ 108149 രൂപ പിഴതുകയാണ്.ഈ തുക ഏത് കാലയളവിലെ കുടിശ്ശികയാണെന്നുള്ള യാതൊരു വിവരങ്ങളും ഫയലിൽ ഇല്ല.അടച്ച ₹ 7,00,000/- ഏതിനത്തിലാണ് വാട്ടർ അതോറിറ്റി വരവ് വെച്ചതെന്നുള്ള വിവരവും ലഭ്യമല്ല.

കുടിശ്ശിക സംബന്ധിച്ച വിവരങ്ങളും അധികം അടച്ച തുക ക്രമീകരിച്ച വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ- 6/19-20 പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ സംയുക്തപരിശോധനാതീയതി മുതൽ നവംബർ 2019 വരെ അധികം അടച്ച തുക ക്രമീകരിക്കുവാൻ കത്ത് നൽകിയിട്ടുണ്ടെന്നും മുൻവർഷങ്ങളിൽ ഉണ്ടായിരുന്ന വെള്ളക്കരകുടിശ്ശിക തുകയിൽ(മുതൽ ₹60,56,360 പലിശ ₹108149) അടവാക്കുന്നതിനാണ് പ്രോജക്ട് വെച്ചതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയിൽ തുക വരവ് വെച്ചതിന്റെ വിവരങ്ങളും തുക ഏതിനത്തിലാണ് വരവ് വെച്ചതെന്നുള്ള വിവരങ്ങളും ലഭ്യമാക്കാത്തതിനാൽ ₹ 7,00,000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.പലിശയിനത്തിലാണ് തുക അടച്ചതെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 1-15 തൊഴിലുറപ്പ് പദ്ധതി

അതിവിദഗ്ധ കായിക ജോലികൾ ചെയ്യുന്നതിന് സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള നിയമമാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം-2005 National Rural Employment Guarantee Act (NREGA). ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. 2005 സെപ്റ്റംബറിൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഈ നിയമം സെപ്റ്റംബർ 7 ന് നിലവിൽ വരികയും ചെയ്തു.

അവിദഗ്ധ തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിൽ സുരക്ഷിതത്വം ലക്ഷ്യമാക്കിയിട്ടുള്ള ഈ പദ്ധതിയിൽ ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ സ്വന്തം നാട്ടിൽ ഉറപ്പു നൽകുന്നതോടൊപ്പം; ഉത്പാദന വർദ്ധനവ്, സ്ഥിര ആസ്തി സൃഷ്ടിക്കുക, പരിസ്ഥിതി സംരക്ഷണം, ജീവിത നിലവാരം ഉയർത്തുക എന്നീ ലക്ഷ്യങ്ങളും ഉണ്ട്. ഈ പദ്ധതിയിൽ, ഗ്രാമസഭകളുടെ വർദ്ധിച്ച പങ്കാളിത്തം കൂടാതെ, സാമൂഹിക ഓഡിറ്റിംഗ്, പങ്കാളിത്ത ആസൂത്രണം, നടത്തിപ്പിലും മേൽനോട്ടത്തിലും തദ്ദേശസ്ഥാപനങ്ങളുടെ വർദ്ധിച്ച ഉത്തരവാദിത്തം എന്നീ കാര്യങ്ങളാൽ ജനകീയമായ അടിത്തറ നിലവിൽ വരുന്നു. തൊഴിലിനുള്ള മൗലികാവകാശവും, മിനിമം കൂലിയും, സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനവും ഉറപ്പു നൽകുന്ന എന്ന സവിശേഷതയും ഈ പദ്ധതിയുടെ പ്രധാന ഗുണങ്ങളാണ്. ഈ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും ത്രിതല പഞ്ചായത്തുകളുടേയും, പൊതുജനങ്ങളുടേയും സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള എല്ലാ പ്രദേശങ്ങളിലേയും ഗ്രാമീണ കുടുംബങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ഒരു സാമ്പത്തിക വർഷത്തിൽ ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കുമായി ഒരേ സമയത്തോ വ്യത്യസ്ത സമയങ്ങളിലോ 100 ദിവസം ഈ പദ്ധതിമൂലം തൊഴിൽ ലഭിക്കും

പദ്ധതിയിൽ ചേരുന്നതിലേക്കായി അംഗത്വം ആവശ്യമുള്ള കുടുംബങ്ങൾ ഗ്രാമ പഞ്ചായത്തിൽ താമസിക്കുന്നവരാകണം. തൽക്കാലം പ്രസ്തുത പ്രദേശത്തിൽ നിന്നും അകന്നു താമസിക്കുന്നവർക്കും അംഗത്വം ലഭിക്കാൻ അർഹതയുണ്ട്. ഒരു കുടുംബത്തിലെ പ്രായപൂർത്തിയായ എല്ലാ അംഗങ്ങൾക്കും ജോലിക്കായി അപേക്ഷ

നൽകാവുന്നതാണ്. അപേക്ഷകർ അവിദഗ്ധ കായിക തൊഴിലുകൾ ചെയ്യാൻ സന്നദ്ധതയുള്ളവരായിരിക്കണം എന്നു മാത്രം.

അപേക്ഷിക്കുന്ന രീതി

വെള്ളക്കടലാസിലോ പ്രത്യേകമായുള്ള ഫോറത്തിലോ തൊഴിൽ ആവശ്യമുള്ള പ്രായപൂർത്തിയായ അംഗങ്ങളുടെ പേര്, വയസ്സ്, ലിംഗം, വിഭാഗം എന്നീ വിവരങ്ങൾ എഴുതിച്ചേർത്ത് ഗ്രാമപഞ്ചായത്തിലാണ് അപേക്ഷ നൽകേണ്ടത്. വ്യക്തികൾക്ക് ഗ്രാമ പഞ്ചായത്തിൽ നേരിട്ട് വാക്കാൽ അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ രണ്ടാഴ്ചയ്ക്കകം പരിശോധന പൂർത്തിയാക്കുകയും അവ രജിസ്റ്ററിൽ എഴുതി ചേർക്കുകയും ചെയ്യുന്നു. അംഗത്വം ലഭിച്ചുകഴിഞ്ഞ ഓരോ കുടുംബത്തിനും പ്രത്യേകമായി രജിസ്റ്റർ നമ്പർ നൽകുന്നു. അപേക്ഷ നൽകിയവർ വിവരങ്ങൾ തെറ്റായി നൽകിയാൽ അത്തരം അപേക്ഷകൾ അയോഗ്യമാക്കപ്പെടുന്നതുമാണ്.

തൊഴിൽ കാർഡ്

തൊഴിലിനായി അപേക്ഷ സമർപ്പിച്ച് രജിസ്ട്രേഷൻ ലഭിക്കുന്ന എല്ലാ കുടുംബത്തിനും ഓരോ തൊഴിൽ കാർഡ് വീതം ലഭിക്കുന്നു. അങ്ങനെ ലഭിക്കുന്ന തൊഴിൽ കാർഡ് ആ കുടുംബത്തിൽ നിന്നും അപേക്ഷിച്ച എല്ലാവരുടേയും ഫോട്ടോ പതിച്ചതുമായിരിക്കും. തൊഴിൽ നിയമത്തിന്റെ പ്രചരണാർത്ഥം ഈ പദ്ധതിയുടെ പ്രധാന സവിശേഷതകൾ കാർഡിന്റെ മറുപുറത്ത് അച്ചടിച്ചിരിക്കണം എന്നാണ് നിയമം. ഈ തൊഴിൽ കാർഡിന്റെ കാലാവധി 5 വർഷം ആയിരിക്കും. ഈ കാലയളവിൽ ഏതെങ്കിലും അംഗങ്ങളെ മാറ്റുകയോ പുതിയതായി ചേർക്കുകയോ ചെയ്യാവുന്നതാണ്. തൊഴിൽ കാർഡ് വിതരണം സംബന്ധിച്ച വിവരങ്ങൾ ഗ്രാമസഭകളിൽ നിന്നും ലഭിക്കുന്നതാണ്. ഒറിജിനൽ കാർഡ് ഏതെങ്കിലും തരത്തിൽ നഷ്ടപ്പെട്ടാൽ അതിന്റെ ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിലേക്ക് അപേക്ഷ; പുതിയ കാർഡിനുള്ള അപേക്ഷയുടെ മാതൃകയിൽ തന്നെയാണ് നൽകേണ്ടത്. അപേക്ഷ നൽകിയ ഏതെങ്കിലും വ്യക്തിക്ക് തൊഴിൽ കാർഡ് ലഭിച്ചിട്ടില്ല എങ്കിൽ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ പരാതി നൽകേണ്ടതുമാണ്. അവർ പരാതിന്മേൽ 15 ദിവസങ്ങൾക്കുള്ളിൽ തീർപ്പു കല്പ്പിക്കേണ്ടതുമാണ്.

തൊഴിലിനുള്ള അപേക്ഷ

തൊഴിൽ കാർഡ് ലഭിച്ചാൽ തൊഴിലിനായി ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടാതെ ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. വെള്ള കടലാസിൽ; തൊഴിൽ കാർഡ് നമ്പർ, ഏതു തീയതി മുതൽ ഏതു തീയതി വരെ തൊഴിൽ വേണം എന്നീ കാര്യങ്ങൾ വ്യക്തമാക്കേണ്ടതാണ്. ഒരു അപേക്ഷയിൽ തന്നെ ഒരു വര്ഷത്തേക്ക് വിവിധ കാലയളവിലേയ്ക്കുള്ള തൊഴിലിനായ് അപേക്ഷിക്കാം. തൊഴിലിനായ് അപേക്ഷിച്ചാൽ അതിന്റെ രസീത് അപേക്ഷകന് ലഭിക്കുന്നതാണ്.

തൊഴിൽ നൽകൽ

ഗ്രാമപഞ്ചായത്തിൽ തൊഴിലിന് അപേക്ഷനൽകി 15 ദിവസങ്ങൾക്കകം തൊഴിൽ നൽകുന്നതിനുള്ള ബാദ്ധ്യത ഗ്രാമപഞ്ചായത്തിനുണ്ട്. ഒരു അപേക്ഷകന് 15 ദിവസങ്ങൾക്കകം തൊഴിൽ നൽകുന്നതിന് കഴിയാതെ വന്നാൽ അത പ്രോഗ്രാം ഓഫീസറെ അറിയിക്കേണ്ടതും അദ്ദേഹം 15 ദിവസങ്ങൾക്കുള്ളിൽ തൊഴിൽ നൽകുന്നതിനുവേൺറ്റിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എല്ലാവർക്കും താമസസ്ഥലത്തിനടുത്തുതന്നെ തൊഴിൽ നൽകാൻ കഴിയാതെ വന്നാൽ സ്ത്രീകൾക്കും പ്രത്യേകിച്ചും ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകൾക്കും പ്രായം കൂടിയവർക്കും അവരവരുടെ താമസഥലത്തിനടുത്തുതന്നെ തൊഴിൽ നൽകുന്നതിന് ശ്രദ്ധിയ്ക്കുകയും വേണം. ഏതെങ്കിലും കാരണവശാൽ ഗ്രാമപഞ്ചായത്ത് പദ്ധതികളിൽ തൊഴിൽ നൽകുന്നതിന് സാധിക്കാതെ വന്നാൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികളിൽ അംഗീകരിച്ചതും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏറ്റെടുത്തുനടത്തുന്നതുമായ പദ്ധതികളിൽ തൊഴിൽ നൽകാവുന്നതാണ്. തൊഴിൽ സ്ഥലം താമസസ്ഥലത്തിന് 5 കി.മീ. ദൂരപരിധിയിൽ കൂടുതലായാവർക്ക് 10% അധിക വേതനത്തിനുള്ള അർഹതയും ഈ പദ്ധതി ഉറപ്പുനൽകുന്നു.

100 തൊഴിൽ ദിനങ്ങൾ എന്നത് കുടുംബത്തിലെ എല്ലാവർക്കും ഒരേസമയം വിവിധസ്ഥലങ്ങളിൽ നിർവഹിക്കാവുന്നതാണ്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ എല്ലാ സ്ഥലങ്ങളിലും തൊഴിൽ കാർഡ് പരിശോധിക്കുന്നു എന്നു ഉറപ്പുവരുത്തേണ്ടതുമാണ്. ഒരു പഞ്ചായത്ത് ഈ പദ്ധ്തി നടത്തിപ്പുവഴി ലഭിച്ചിട്ടുള്ള മുഴവൻ അപേക്ഷകൾക്കും തൊഴിൽ നൽകാൻ സാധ്യമല്ലെങ്കിൽ ആ വിവരം പ്രോഗ്രാം ഓഫീസറെ അറിയിക്കുകയും അദ്ദേഹത്തിന്റെ കീഴിലുള്ള മറ്റ് പഞ്ചായത്തുകളിൽ തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും;

തൊഴിലാളിയുടെ പഞ്ചായത്തിൽ പ്രസ്തുത വിവരം നൽകേണ്ടതുമാണ്. കൂടാതെ തൊഴിലിനായി അപേക്ഷനൽകിയിട്ടുള്ള അപേക്ഷകൾക്ക് തൊഴിൽ അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രസ്തുത അപേക്ഷകന്റെ മേൽവിലാസത്തിൽ അറിയിക്കുകയും ഈ വിവരം പഞ്ചായത്തിന്റേയും പ്രോഗ്രം ഓഫീസറുടേയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ പ്രകാരമുള്ള രീതിയിൽ നിലവിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതായി കാണുന്നില്ല.2019-20 ഓഡിറ്റിന്റെ ഭാഗമായി താഴെപ്പറയുന്ന അപാകങ്ങൾ കൂടി കാണുന്നു

1. തൻവർഷം സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില

2. ജാഗ്രത മേൽനോട്ട സമിതി രൂപീകരിച്ചതിന്റെ വിവരം (അംഗങ്ങളുടെഉൾപ്പടെ). ജാഗ്രത മേൽനോട്ട സമിതി പരിശോധന രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

3. തൊഴിലുറപ്പ് പദ്ധതി പ്രകാരം അപേക്ഷ നൽകുന്നവരുടെ അപേക്ഷ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കൂടാതെ തൻവർഷം വരെ 7287 തൊഴിൽ കാർഡ് നൽകിയ കുടുംബങ്ങൾ ഉണ്ടെന്നിരിക്കെ 371 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുള്ളൂ. തൊഴിലുറപ്പ് പദ്ധതി നിയമം പ്രകാരം പദ്ധതി ലക്ഷ്യം തന്നെ രജിസ്റ്റർ ചെയ്ത എല്ലാവർക്കും 100 തൊഴിൽ ദിനങ്ങൾ നൽകുകയാണെന്നിരിക്കെ രജിസ്റ്റർ ചെയ്ത 10% കുടുംബങ്ങൾക്ക് പോലും ഇത് നൽകാൻ സാധിച്ചിട്ടില്ല. 3289 കുടുംബങ്ങൾക്ക് ഒരു തൊഴിൽ ദിനം പോലും നൽകിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.
മേൽ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 പഞ്ചായത്തുകളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിലെ തകരാർ മൂലം അധികജോലിഭാരം

ഇ - ഗവേണൻസിന്റെ ഭാഗമായി ഐ.കെ.എം വികസിപ്പിച്ച സുലേഖ, സഞ്ചയ, സങ്കേതം, സൂചിക, സകർമ്മ, സ്ഥാപന, സേവന, സാംഖ്യ, സചിത്ര ഐ.എൽ.ജി.എം.എസ്. എന്നിങ്ങനെ 10 സോഫ്റ്റ് വെയറുകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിൽ വിവിധ സോഫ്റ്റ് വെയറുകളിലൂടെ ലഭ്യമാവുന്ന സേവനങ്ങൾ ഒറ്റ പ്ലാറ്റ് ഫോമിലൂടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഇൻഫർമേഷൻ കേരളമിഷൻ വികസിപ്പിച്ച ഇൻറഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റം (ILGMS) എന്ന സോഫ്റ്റ് വെയർ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ 23-09-2020 മുതൽ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്.

എന്നാൽ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിലെ അപാകതകൾകാരണം ജീവനക്കാർ അധികജോലിഭാരം നേരിടുന്നു. സൂചിക, സേവന, സാംഖ്യ എന്നീ സോഫ്റ്റ് വെയറുകൾ ഐ.എൽ.ജി.എം.എസ്. എന്ന സോഫ്റ്റ് വെയറുമായി നിലവിൽ സംയോജിപ്പിച്ചുണ്ട്. ഐ.എൽ.ജി.എം.എസ്. എന്ന സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചതോടെ നിലവിൽ ലഭ്യമായ പല സേവനങ്ങളും ലഭ്യമല്ലാത്തതായി ഗ്രാമപഞ്ചായത്ത് അറിയിച്ചു. (ഉദാ-1. മാസ/വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടത്താൻ സാധിക്കുന്നില്ല.അതുകൊണ്ട് തന്നെ നിലവിൽ 2020-21 വർഷത്തെ വാർഷികകണക്കുകൾ തയ്യാറാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

ഐ.എൽ.ജി.എം.എസ് പ്രകാരം ഫയൽ കൈവശമുള്ള ഉദ്യോഗസ്ഥനല്ലാതെ മറ്റാർക്കും അതിന്റെ സ്റ്റാറ്റസ് അറിയാൻ സാധിക്കുന്നില്ല.

വസ്തു നികുതിയുടെ ഓൺലൈൻ പേയ്മെന്റിന് സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നുണ്ട്. മറ്റ് നികുതി നികുതിയേതിര വരുമാനങ്ങളുടെ പോയ്മെന്റിന് നിലവിൽ സംവിധാനമില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എല്ലാ വരുമാനങ്ങളും ഓൺലൈൻ പേയ്മെന്റ് നടത്തുന്നതിന് ആവശ്യമായ സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടില്ല.

ഫയൽ ട്രാക്കിംഗ് സംവിധാനവും 'For The People' എന്ന പരാതി പരിഹാര സെല്ലും പ്രവൃത്തിക്കുന്നുണ്ടെങ്കിലും ആയത് ജനങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല. പ്രസ്തുത സംവിധാനങ്ങളെ കുറിച്ചുള്ള അജ്ഞതയാണ് ആയത് ഉപയോഗിക്കപ്പെടാതെ പോകുന്നത്.

സഞ്ചയ, സാംഖ്യയിലെ ഡി.സി.ബി. യിലെ വ്യത്യാസം - ഡിമാന്റിലെ കുറവ്/കൂട്ടിച്ചേർക്കൽ ബുക്ക് അഡ്ജസ്റ്റ്മെന്റ് മുഖേന ക്രമീകരണം - പഞ്ചായത്ത് കമ്മിറ്റി തീരുമാന നമ്പർ തീയതി എന്നിവ റിപ്പോർട്ടിൽ ലഭ്യമല്ല.

അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാൻ സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കേണ്ടതുണ്ട്.

## 1-17 ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ സംരക്ഷണം

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ സംരക്ഷണം

സ.ഉ.(എം.എസ്)11/2018 LSGD Dtd 29.01.2018 (6.7-ആസ്തി സംരക്ഷണ പദ്ധതി) പ്രകാരം മെയിന്റനൻസ് ഫണ്ട് , ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ട് ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽ നോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച് തദ്ദേശ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകളിലേയും സർക്കുലറുകളിലേയും വ്യവസ്ഥകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതികൾ തയ്യാറാക്കേണ്ടത്. ഇതിനായി തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരക്കേണ്ടതുണ്ട്. ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിന് മുമ്പ് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കണം. പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.

മേൽ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള ആദ്യപടിയായി തദ്ദേശ സ്ഥാപനത്തിന്റെ ആസ്തികൾ സംബന്ധിച്ച് കുറ്റമറ്റ രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. പഞ്ചായത്ത ഡയറക്ടറുടെ സർക്കുലർ നമ്പർ സി2-15471/2018 തീയതി 16.5.2018പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള ആസ്തികൾ ( കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നിയന്തണത്തിൽ വന്നവ ഉൾപ്പടെ) ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലെ തോട് പുറമ്പോക്ക് ഉൾപ്പടെയുള്ള എല്ലാ കൈയേറ്റ ഭൂമിയും അളന്ന് തിട്ടപ്പെടുത്തി ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ(എഫ്.എം)വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 24.08.2008 ലെ നമ്പർ.55178/ എഫ്.എം.3/2008/തസ്വഭവ പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഭൂമി കുളങ്ങൾ എന്നിവയെ സംബന്ധിച്ച സ്ഥാനവും വിസ്തീർണ്ണവും കൃത്യമായി നിർണ്ണയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സഹായം തേടാവുന്നതാണ്. അവ സർവ്വെ ചെയ്ത് വേലി കെട്ടി ഉടമസ്ഥാവകാശം കാണിക്കുന്ന പരസ്യ ബോർഡ് പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു.

സ.ഉ(കൈ)255/2013 തസ്വഭവ 18/07/2013 പ്രകാരം തദ്ദേശ സ്ഥാപനത്തിലെ ആസ്തികൾ ഡിജിറ്റലൈസ് ചെയ്യാൻ നിർദ്ദേശിച്ചിരുന്നു.

എന്നാൽ മേൽ പ്രകാരമുള്ള യാതൊരു നിർദ്ദേശവും തിരുനെല്ലി ഗ്രാമ പഞ്ചായത്ത് പാലിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പടെയുള്ള സ്ഥാവര ആസ്തികളുടെയും ജംഗമ ആസ്തികളുടെയും കൃത്യമായ കണക്കുകളോ ആസ്തി രജിസ്റ്ററുകളോ തയ്യാറാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിനം നം 2തീയതി 21/06/2021 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആസ്തികൾ സംരക്ഷിക്കുന്നതിന് വേണ്ടി ആസ്തികൾ സംബന്ധിച്ച കൃത്യമായ രേഖകളും രജിസ്റ്ററുകളും തയ്യാറാക്കാന് ഉത്തരവാദിയായ സെക്രട്ടറി നാളിതുവരെ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. തദ്ദേശ സ്ഥാപനത്തിന്റെ ആസ്തികൾ സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാത്തത് കുറ്റകരമായ വീഴ്ചയാണ്. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള സ്ഥാവര ജംഗമ വസ്തുക്കളുടെ ത്രൈമാസ – അർദ്ധവാർഷിക – വാർഷികമായി പരിശോധിച്ച് ബന്ധപ്പെട്ട രജിസ്റ്ററുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതായുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും സെക്രട്ടറി സ്വീകരിച്ചതായി കാണുന്നില്ല. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ട് വരുന്നു.

## 1-18 പൊതുമരാമത്ത് പൊതു അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

1) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. റോഡ് രജിസ്റ്റർ, കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത് എന്ന് രേഖകളുടെ അഭാവത്തിൽ വ്യക്തമാകുന്നില്ല.തൻവർഷം നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല.

3) റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ,ചിലതിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. ചെയിനേജ് ഇല്ലാത്തതിനാൽ ഓരോ റോഡിലും എവിടെ പ്രവൃത്തി നടത്തിയെന്ന് കണ്ടെത്താനാകുന്നില്ല.

4)ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല.

5)പല പ്രവൃത്തികളുടെയും കരാറുടമ്പടിയുടെ എല്ലാ പേജുകളിലും ഒപ്പ് വച്ചിട്ടില്ല.

6) പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ടിൽ കൃത്യമായ വിവരങ്ങളില്ല.

7) വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലൊന്നും തന്നെ മുൻവർഷത്തെ പദ്ധതികൾ അവലോകനം ചെയ്തിട്ടില്ല. പദ്ധതിനിർവഹണം മോണിട്ടർ ചെയ്തിട്ടില്ല.

## 1-19 പദ്ധതിരൂപീകരണം - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ അപാകങ്ങൾ .

പതിമൂന്നാം പഞ്ചവൽസരപദ്ധതിയിലെ ഗ്രാമ,ബ്ലോക്ക് ,ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ഗ്രാമ,ബ്ലോക്ക് ,ജില്ലാ പഞ്ചായത്തുകൾ പാലിക്കേണ്ട നടപടിക്രമങ്ങളും ചുമതലകളും സംബന്ധിച്ച് 29.01.2018 ലെ ജി.ഒ.(എം.എസ്) 11/2018.ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.കൂടാതെ പദ്ധതിരൂപീകരണത്തിലും നടത്തിപ്പിലുമുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകളും മേൽ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

മേൽഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം രൂപീകരിച്ചിട്ടുണ്ട് എന്ന് മിനുട്സ് ബുക്കുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിൽ പദ്ധതിരൂപീകരണനടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 2019-20 വർഷത്തേക്കുള്ള പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് 02.1018 ന് മാത്രമാണ്. ഈ യോഗങ്ങളിൽ ഓരോ മേഖലകളിലെയും നിലവിലെ സ്ഥിതി അവലോകനം ചെയ്തതായി കാണുന്നില്ല. ഏതാനും പദ്ധതിനിർദ്ദേശങ്ങൾ നൽകുക എന്നതിൽ കവിഞ്ഞ് മറ്റ് ചർച്ചകൾ നടന്നതായി വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ പദ്ധതിരൂപീകരണപ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടില്ല.
2. വികസനസെമിനാർ 1.12.18 ന് നടന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും നിലവിലെ അവസ്ഥ സംബന്ധിച്ച് അവലോകനം നടത്തിയതായി കാണുന്നില്ല.
3. വിവിധ വിഭവസമാഹരണസാദ്ധ്യതകൾ പരിഗണിച്ച് പദ്ധതിയുടെ അടങ്കൽ തുക ,തദ്ദേശഭരണസ്ഥാപനത്തിന്റെ മുൻഗണനകൾ എന്നിവ പരിഗണിച്ച് ഓരോ വിഷയമേഖലയിലേക്കുംഉപമേഖലക്കും വകയിരുത്താവുന്ന അടങ്കൽ തുക പ്രമേയം മുഖേന ഭരണസമിതി തീരുമാനിക്കുകയോ ,സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നിർദ്ദേശം നൽകുകയോ ,അതനസരിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റികൾ വർക്കിംഗ് ഗ്രൂപ്പുകളോട് പദ്ധതി രൂപീകരിക്കാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല.
4. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല . നടപ്പുപദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല..
5. പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളെല്ലാം വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചർച്ച ചെയ്തവയല്ല. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്യാത്ത പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും.
6. പദ്ധതിനടത്തിപ്പ് മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നടന്നിട്ടില്ല.

10.വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ പല യോഗങ്ങളുടെയും മിനുട്സുകൾ എഴുതി പൂർത്തീകരിച്ചതായി കാണുന്നില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി പദ്ധതിരൂപീകരണം നടത്തിയതിനും പദ്ധതികൾ നടപ്പാക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടത്തിലെ 3-ാം ചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് വസ്തുനികുതി നിർണ്ണയിച്ചു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ശ്രീ ഷാജിർ മുതൽ പേർ 254.58 ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ ക്രമവത്കരണ പ്ലാൻ സമർപ്പിച്ചിട്ടുണ്ട്. കെട്ടിടത്തിന് 12 ൽ 543 ബി, 543 സി, 543 ഡി എന്നീ നമ്പറുകൾ നൽകിയിട്ടുണ്ട്. സഞ്ചയ

സോഫ്റ്റ്‌വെയറിൽ പ്രസ്തുത കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ള ഷോപ്പ് റൂമുകളാണ്. പഞ്ചായത്തിന്റെ 31.05.2011 ലെ 102/11 -ാം നമ്പർ തീരുമാനപ്രകാരം 100 ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതി 60 രൂപ/ ച.മീ ആണ്. എന്നാൽ 543 ബി, 543 സി എന്നീ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി 50 രൂപ/ ച.മീ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ ചുവടെ കൊടുക്കും വിധം വസ്തുനികുതിയിൽ കുറവുണ്ടായിട്ടുണ്ട്.

| കെട്ടിടനം | വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|---|
| 543 ബി | 28.52 ച.മീ | വസ്തുനികുതി =1712<br>ലൈ.സെസ്സ് =86<br>ആകെ = 1798 | വസ്തുനികുതി = 2054<br>ലൈ.സെസ്സ് =103<br>ആകെ = 2157 | 359 |
| 543 സി | 28.52 ച.മീ | വസ്തുനികുതി =1712<br>ലൈ.സെസ്സ് =86<br>ആകെ = 1798 | വസ്തുനികുതി = 2054<br>ലൈ.സെസ്സ് =103<br>ആകെ = 2157 | 359 |
| ആകെ | | | | 718 |

വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (16/2019-20/28.6.2021)ക്ക് വസ്തുനികുതി പുനർനിർണ്ണയിച്ച് അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. 2019 രണ്ടാം അർദ്ധവർഷം പ്രാബല്യത്തിൽ വസ്തുനികുതി പുനർ നിർണ്ണയിച്ച് അറിയിക്കേണ്ടതാണ്.

## <u>1-21 തൊഴിൽ നികുതി പിരിവിലെ അപാകതകൾ</u>

1)കേരള പഞ്ചായത്ത് രാജ് ആക്ട് ,1994 വകുപ്പ് 205(ഇ) ഒരോ വർഷവും പഞ്ചായത്ത് പരിധിയിൽ ശമ്പളത്തിനോ വേതനത്തിനോ ആളുകളെ നിയമിച്ച എല്ലാ സ്ഥാപനങ്ങളുടെയും, ഓഫീസുകളുടെയും പേര് വിവരങ്ങൾ ഉൾപ്പെടുത്തിയ സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിലുള്ള രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. അതിനാൽ തന്നെ മുൻ വർഷം ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയോ എന്ന് ഉറപ്പു വരുത്തുന്നില്ല. 2018-19മുൻ വർഷത്തിൽ ചുവടെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി സ്വീകരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ക്രിയേറ്റീവ് ഡിസൈനേഴ്സ് |
| 2 | പേജ് മാർക്ക് റിസോർട്ട് |
| 3 | റിവാരിൻ സർവീസ് വില്ല |
| 4 | തെന്നൽ ജംഗിൾ ക്യാമ്പ് |
| 5 | മേനക ടെക്സ്റ്റൈൽസ് |
| 6 | അഗ്രഹാരം റിസോർട്ട് |

മേൽ സ്ഥാപനങ്ങളിൽ നിന്നും 2019 -20 ൽ ജീവനക്കാരുടെ തൊഴിൽനികുതിയും, സ്ഥാപന തൊഴിൽനികുതിയും ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

2)കേരള പഞ്ചായത്ത് രാജ് ആക്ട് ,1994(വകുപ്പ് 204) പ്രകാരം ഓരോ അർദ്ധവർഷവും ജീവനക്കാരന് ലഭിക്കുന്ന ആകെ വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിൽ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട

തൊഴിൽനികുതി നിരക്ക് 3-ാം ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.കൂടാതെ ഏതെങ്കിലും കമ്പനിക്കോ, വ്യക്തിക്കോ ഓരോ അർദ്ധവർഷവും ലഭിച്ച ആദായത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ചുമത്തി ഈടാക്കേണ്ടതാണ്(ചട്ടം10). 2019 – 20 ൽ ചുവടെ കൊടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്ര.നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി | അർദ്ധ വർഷം |
|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ , ഹോമിയോ | ജീവനക്കാർ | രണ്ട് |
| 2 | ക്ഷീര സഹകരണ സംഘം, തൃശ്ശിലേരി | ജീവനക്കാർ , സ്ഥാപനം | ഒന്ന് |
| 3 | ഉദയഗിരി റിജുവനേഷൻ സെന്റർ , തോൽപ്പെട്ടി | ജീവനക്കാർ , സ്ഥാപനം | ഒന്ന് , രണ്ട് |
| 4 | ആയുർവേദ യോഗവില്ല , പാൽവെളിച്ചം | ജീവനക്കാർ , സ്ഥാപനം | ഒന്ന് , രണ്ട് |
| 5 | ഹൃദയ ക്ലിനിക്ക് , കാട്ടിക്കുളം | ജീവനക്കാർ | രണ്ട് |
| | | സ്ഥാപനം | ഒന്ന് , രണ്ട് |
| 6 | പെപ്പർ ഗ്രീൻ റിസോർട്ട് | ജീവനക്കാർ , സ്ഥാപനം | ഒന്ന് , രണ്ട് |
| 7 | വയനാട് ഹാന്റ് ലൂം , തൃശ്ശിലേരി | സ്ഥാപനം | ഒന്ന് , രണ്ട് |
| 8 | ഡോ. തമീംസ് ആരോഗ്യ മെഡിക്കൽ സെന്റർ , കാട്ടിക്കുളം | സ്ഥാപനം | ഒന്ന് , രണ്ട് |
| 9 | കൽവരി എസ്റ്റേറ്റ് | സ്ഥാപനം | ഒന്ന് , രണ്ട് |
| 10 | വുഡ് ലാൻഡ് എസ്റ്റേറ്റ് | സ്ഥാപനം | ഒന്ന് , രണ്ട് |
| 11 | ബ്രഹ്മഗിരി എസ്റ്റേറ്റ് | സ്ഥാപനം | ഒന്ന് , രണ്ട് |
| 12 | ബാർഗിരി( എ,ബി,സി ) എസ്റ്റേറ്റ് | സ്ഥാപനം | ഒന്ന് , രണ്ട് |
| 13 | വൈൽഡ് ലൈഫ് റിസോർട്ട് | സ്ഥാപനം | ഒന്ന് , രണ്ട് |
| 14 | കാർമ്മൽ നിവാസ് എസ്റ്റേറ്റ് | സ്ഥാപനം | ഒന്ന് , രണ്ട് |
| 15 | പീവീസ് പ്ലാന്റേഷൻ | സ്ഥാപനം | ഒന്ന് , രണ്ട് |
| 16 | ഓറഞ്ച് വില്ല ഹോംസ്റ്റേ | സ്ഥാപനം | ഒന്ന് , രണ്ട് |
| 17 | ജോർജ്ജ് ക്വാർട്ടേഴ്സ് ഹോം സ്റ്റേ | സ്ഥാപനം | ഒന്ന് , രണ്ട് |
| 18 | റെയിൻ ട്രീ റിസോർട്ട് | സ്ഥാപനം | ഒന്ന് , രണ്ട് |
| 19 | വൈൽഡ് വാല്യൂ സർവീസ് വില്ല | സ്ഥാപനം | ഒന്ന് , രണ്ട് |

സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13/2019-20/ 25.6.2021) സ്ഥാപന രജിസ്റ്റർ തയ്യാറാക്കുന്നതാണെന്നും തൊഴിൽ നികുതി സ്വീകരിക്കാത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിശദാംശങ്ങൾ അറിയിക്കുന്നതുമാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-22 എസ്.ടി അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ആനുകൂല്യം നൽകി.

തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുകയാണ് പദ്ധതി ലക്ഷ്യം. ഇതിനായി ഗ്രാമ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 50 എസ്.ടി കുടുംബശ്രീ യൂണിറ്റുകൾക്ക് വരുമാനം വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് സഹായ ധനമായി യൂണിറ്റ് ഒന്നിന് 10,000/- രൂപയിൽ കവിയാത്ത തുക നൽകുന്നു. കുടുംബശ്രീ യൂണിറ്റുകൾക്ക് 10,000/- രൂപ നിരക്കിൽ ആകെ ₹5,00,000/- നൽകിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 173/19 |
| പ്രോജക്ടിന്റെ പേര് | പട്ടിക വർഗ്ഗ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ | ₹5,00,000/-(വികസനഫണ്ട് ടി.എസ്.പി) |
| ചെലവ് | ₹5,00,000/- |
| ബിൽ നം./ തിയ്യതി | 01/19-20/15/5/2019 തുക -₹5,00,000/- |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ. തിയ്യതി 14.02.2018 ഖണ്ഡിക 21 പ്രകാരമാണ് സംരംഭം ആരംഭിക്കുന്നതിന് റിവോൾവിംഗ് ഫണ്ട് അനുവദിക്കേണ്ടത്. നിലവിൽ സബ്സിഡി നൽകുന്ന സമീപനമാണ് സ്വീകരിക്കുന്നതെന്നും ഇത് സുസ്ഥിരമായ വികസനത്തിന് കാര്യക്ഷമമായ പിന്തുണ നൽകുന്നില്ലെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിന് പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. പരിഷ്കരിച്ച മാർഗ്ഗരേഖ അനുസരിച്ച് കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ പാലിക്കാതെയാണ മേൽപ്പറഞ്ഞ രീതിയിൽ തുക നൽകിയിട്ടുള്ളത്.

അപാകതകൾ ചുവടെ ചേർക്കുന്നു.

1.ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭം സംബന്ധിച്ച് പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

2.സംരംഭം ആരംഭിച്ചതിന്റെയോ ബാങ്ക് ലോണിന് അപേക്ഷിച്ചതിന്റെയോ രേഖകൾ ഇല്ല.

3.റിവോൾവിംഗ് ഫണ്ട് അനുവദിച്ച് മൂന്ന് മാസത്തിന് ശേഷം തിരിച്ചടവ് ആരംഭിക്കേണ്ടതാണെങ്കിലും തിരിച്ചടവാക്കിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

4.കുടുംബശ്രീ യൂണിറ്റുകളുമായി കരാറിലേർപ്പെട്ടിട്ടില്ല.

5.റിവോൾവിംഗ് ഫണ്ട് തിരിച്ചടവിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ റിവോൾവിംഗ് ഫണ്ട് റീക്രൂപ്മെന്റ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

6.റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7. 50 എസ്.ടി കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് ക്രഡിറ്റ് ആയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല

മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (4/2019-20/23/06/2021) യ്ക്ക് അസി.സെക്രട്ടറി എസ് -സി3 -3191/21 തീയതി 25/06/21 പ്രകാരം നൽകിയ മറുപടിയിൽ പദ്ധതി തയ്യാറാക്കിയപ്പോൾ പുതുക്കിയ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാൻ സാധിച്ചിട്ടില്ലെന്നും, പദ്ധതി തയ്യാറാക്കിയതിൽ വന്ന ശ്രദ്ധ കുറവ് കാരണം ധനസഹായമെന്നത് റിവോൾവിംഗ് ഫണ്ട് എന്ന് തെറ്റായി നൽകി പോയത് എന്നുമാണ്. എന്നാൽനിലവിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് സബ്സിഡി നൽകുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ആകെ ധനസഹായം അനുവദിച്ച 50 കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ബാങ്കിൽ നിന്ന് ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 15 കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ അക്കൗണ്ടിൽ നാളിതുവരെ തുക ക്രഡിറ്റ് ആയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ പാലിക്കാതെ പദ്ധതി തയ്യാറാക്കി നടപ്പാക്കുകയും, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിച്ചതിന്റെ രേഖകൾ ലഭ്യമല്ലാത്തതിനാലും, കൂടാതെ 15 കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ അക്കൗണ്ടിൽ നാളിതുവരെ തുക ക്രഡിറ്റ് ആവാത്തതിനാലും മേൽ പദ്ധതി പ്രകാരം ചെലവഴിച്ച ₹5,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം

| പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ തീയതി |
|---|---|
| 23.06.21 To 24.06.21 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി4-436/2021 തിയ്യതി 29.06.2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 1500000 | പ്രൊജ.നം.20/20-സമഗ്ര നെൽകൃഷി വികസനം | 10,42,144 | 4,57,856 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 5000000 | പ്രൊജ.നം.24/20- ലൈഫ് ഭവനനിർമ്മാണം ജനറൽ | 50,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1250000 | പ്രൊജ.നം.68/20- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 3,97,964 | 8,52,036 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 187845 | പ്രൊജ.നം.120/20 ലൈഫ് ഭവനനിർമ്മാണം പട്ടികജാതി | 0 | 1,87,845 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 6000000 | പ്രൊജ.നം.122/20-ലൈഫ് ഭവനനിർമ്മാണം പട്ടികവർഗ്ഗം | 0 | 60,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 3000000 | പ്രൊജ.നം.20/20 - സമഗ്ര നെൽകൃഷി വികസനം | 10,42,144 | 19,57,856 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 34,28,324 | പ്രൊജ.നം.24/20- ലൈഫ് ഭവനനിർമ്മാണം ജനറൽ | 34,28,324 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 12,50,000 | പ്രൊജ.നം.68/20- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 5,19,152 | 7,30,848 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 45,11,511 | പ്രൊജ.നം.122/20-ലൈഫ് ഭവനനിർമ്മാണം പട്ടികവർഗ്ഗം | 45,11,511 | 0 |

മേൽ വരവുകൾ വാർഷികച്ചെലവുകണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | പ്രോജ നം.127/20 പാൽവെളിച്ചം സ്കൂളിൽ കുഴൽകിണർ | 24/02/2020 | 1,72,200 | 1,72,190 | 10 |

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ്നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കാട്ടിക്കുളം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ(സാധാ)നം.586/16 തസ്വഭവ തീയതി 12/02/2016 ഉത്തരവ് | 75,05,595 | 13,65,206 | 8,95,694 | 4,306 | 4,65,206 |
| റൂറൽ ഹൌസിംഗ് ലോൺ | തദ്ദേശസ്വയംഭരണവകുപ്പിന്റെ സ.ഉ.04/ഡി.ബി.1/16/09.02.16 | 3,10,00,000 | 1,83,14,000 | 10,60,825 | 31,84,263 | 1,40,68,912(പലിശ ഉൾപ്പെടെ) |

ലോൺ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല.വിശദവിവരങ്ങൾ 1-12 ഖണ്ഡിക ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5 പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16, 2016-2017 | | 2017-18 | അനുബന്ധം-5 ക്രമ നം. 5 | ബാവലി കുടിവെള്ള പദ്ധതി നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃതകരാർ ചമയ്ക്കാത്തത് | 2017-18 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകിയിട്ടുണ്ട്. |
| പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | | 2015-16 – 3.6.2 3.7.1- 3.7.11 | | പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ എസ്.സി.പി., ടി.എസ്.പി. പ്രവൃത്തികളുടെ നിർവഹണം, പദ്ധതി നിർവ്വഹണം മാർഗ്ഗരേഖ | കേരള നിയമസഭ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. |
| 2015-16- 2-5 | | 2016-17 – 2.5 | | തൊഴിൽ നികുതി | നിലനിൽക്കുന്നു. |

## 4-6 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 15,64,77,821 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 16,16,36,245 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 12,00,000 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | -- |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 7,00,000 | ശ്രീ. അനിൽ കുമാർ. എൻ<br>സെക്രട്ടറി |
| 1-22 | 5,00,000 | ശ്രീ. ഷാജി. കെ.കെ<br>അസി. സെക്രട്ടറി |
| ആകെ | 12,00,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനിൽ കുമാർ. എൻ<br>സെക്രട്ടറി | സെക്രട്ടറി<br>തിരുനെല്ലി ഗ്രാമപഞ്ചായത്ത് | മേലെ പെരങ്ങോട്ട്<br>ആറാട്ട്തറ പി.ഒ<br>പെരുവക |
| ശ്രീ. ഷാജി. കെ.കെ<br>അസി. സെക്രട്ടറി | സെക്രട്ടറി<br>വാണിയംകുളം ഗ്രാമപഞ്ചായത്ത്<br>പാലക്കാട് | കുറ്റാട്ട് ഹൗസ്<br>തൃശ്ശൂർ |

## 4-8 തീർപ്പാക്കാനുള്ള റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.(ഡബ്ള്യൂ).പി.5./622(2)/14 18.04.15 |
| 1998-99 | എൽ.എഫ്.(ഡബ്ള്യൂ)പി5/622(4)/14/18.04.15 |
| 2001-02 | എൽ.എഫ്.(ഡബ്ള്യൂ)പി 3/184/07 13.6.2005 |
| 2001-02 | എൽ.എഫ്.(ഡബ്ള്യൂ)പി3/.547/07 05.02.2008 |
| 2002-03 | എൽ.എഫ്.(ഡബ്ള്യൂ) പി 5./622(7)/14 18.04.15 |
| 2003-04 | എൽ.എഫ്.(ഡബ്ള്യൂ) പി 5. 622(8)/14 18.04.15 |
| 2005-06 | എൽ.എഫ്.(ഡബ്ള്യൂ)പി5/622(10)/14 18.04.15 |
| 2006-07 | എൽ.എഫ്.(ഡബ്ള്യൂ)പി 5 /622(11)/14 18.04.15 |
| 2007-08 | എൽ.എഫ്.(ഡബ്ള്യൂ)പി 5/ 622(12)/14 18.04.15 |
| 2008-09 | എൽ.എഫ്.(ഡബ്ള്യൂ)പി 5/ 622(13)/14 18.04.15 |
| 2009-10 | എൽ.എഫ്.(ഡബ്ള്യൂ)പി 5/ 622(14)/14 18.04.15 |
| 2010-11 | എൽ.എഫ്.(ഡബ്ള്യൂ)പി 5 /622(15)/14 18.04.15 |
| | |

| | |
|---|---|
| 2011-12 | എൽ.എഫ്.(ഡ്ബ്ള്യ)പി 5/622(16)/14 18.04.15 |
| 2012-13 | എൽ.എഫ്.(ഡ്ബ്ള്യ)പി 5/ 713/14 22.12.2014 |
| 2013-14 | കെഎസ്എഡബ്ല്യൂ.വൈ.ഡി.-പി4/478/15/10.08.2015 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.-പി4/372/2016 |
| 2015-16 | കെ.എസ്.എ.ഡബ്ള്യ.വൈ.ഡി.പി4/848/16/05.12.2016 |
| 2016-17 | കെ.എസ്.എ.ഡബ്ള്യ.വൈ.ഡി.പി4/367/17 24.07.2017 |
| 2017-18 | കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി . പി4-40/2019<br><br>07/01/2019 |
| 2018-19 | കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി . പി4-118/2020<br>തിയ്യതി 07/01/2019 |

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്